**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4408** **10-08-2021 - ൽ മറുപടിയ്ക്ക്**

**താങ്ങുവില പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2020-2021-ൽ കൃഷി വകുപ്പ് തയ്യാറാക്കിയ താങ്ങുവില പദ്ധതിയിൽ അംഗങ്ങളായവർ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | അടിസ്ഥാന വില ലഭ്യമാക്കുന്ന പദ്ധതിയുടെ കീഴിൽ 03/08/2021 വരെ 61590 കർഷകരാണ് AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | അവരിൽ നിന്നും വിവിധ സംഭരണ ഏജൻസികൾ വഴി സംഭരിച്ച പച്ചക്കറികളുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | സംഭരണ ഏജൻസികൾ വഴി 12804.64 മെട്രിക് ടൺ പഴം പച്ചക്കറികൾ സംഭരിച്ചിട്ടുണ്ട്. ഇതിൽ ഹോർട്ടികോർപ്പ് വഴി 548.82 ടണ്ണും വി.എഫ്.പി.സി.കെ മുഖേന 12132.64 ടണ്ണും കൃഷി വകുപ്പിന്റെ കീഴിലുള്ള മാർക്കറ്റുകൾ വഴി 123.18 ടണ്ണും സംഭരിച്ചിട്ടുണ്ട്. |
| (സി) | വിവിധ സർക്കാർ,അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖല സ്ഥാപനങ്ങളുടെയും ക്യാന്റീൻ, ഹോസ്റ്റൽ മെസ്സ് എന്നിവിടങ്ങളിൽ പച്ചക്കറികളും മറ്റും പൊതുവിപണിയിൽ നിന്നും സംഭരിക്കുന്നതിനു പകരം കൃഷി വകുപ്പിന്റെ അംഗീകൃത കമ്പോളങ്ങളിൽ നിന്നും സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ഈ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ